കൂടാതെ വാൽമീകി അംബേദ്കർ ആവാസ് യോജന പദ്ധതിയുമായി സമന്വയിപ്പിച്ച് 1116 പുതിയ വീടുകളുടെ നിർമ്മാണവും ഈ പദ്ധതിയിലൂടെ ആരംഭിച്ചിട്ടുണ്ട്. ഇതിനും പുറമെ കേരള വികസന പദ്ധതി പ്രകാരം വിവിധ ചേരികളിൽ വീട് നിർമ്മാണം, വീട് പുനരുദ്ധാരണം, ഓവുചാൽ, ഫുട് പാത്ത്, വീടുവയ്ക്കാൻ സ്ഥലം നൽകൽ, തെരുവുവിളക്കുകൾ, വെള്ളക്കെട്ടുകൾ ഒഴിവാക്കൽ, വാട്ടർ ടാപ്പ്, അഴുക്കു ചാലുകൾ വൃത്തിയാക്കൽ, മെഡിക്കൽ ക്യാംപ് തുടങ്ങി വിവിധ പദ്ധതികൾ ചേരികളുടെ സമഗ്രവികസനത്തിനായി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ തോപ്പയിൽ ചേരിയുടെ സമഗ്ര വികസനത്തിന് കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ ഹഡ്കോവഴി 67,74,360 രൂപ അടങ്കലുള്ള പദ്ധതി നടപ്പാക്കിവരുന്നു.

(ബി) ഉണ്ട്. സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതമായി 2002-03-ൽ 1,29,13,700 രൂപയും 2003-04-ൽ 97,95,763 രൂപയും 2004-05-ൽ 1,22,43,500 രൂപയും ലഭിച്ചിട്ടുണ്ട്. കൂടാതെ ദേശീയ ചേരിവികസന പരിപാടിയിലൂടെ കഴിഞ്ഞ 3 വർഷങ്ങളിലായി 2,21,99,177 രൂപയും ലഭിച്ചിട്ടുണ്ട്. തോപ്പയിൽ ചേരി വികസനത്തിന് 8,75,000 രൂപ ഹഡ്കോ ഗ്രാന്റായി ലഭിച്ചിട്ടുണ്ട്.

തലശ്ശേരി-ചാലിൽ കോളനിയുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി

105 [3494] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി-ചാലിൽ കോളനിയുടെ ശോച്യാവസ്ഥ പരിഹരിക്കണമെന്ന ആവശ്യം സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വിഷയം സംബന്ധിച്ച് തലശ്ശേരി നഗരസഭ സെക്രട്ടറിയിൽ നിന്നും വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഈ വിഷയത്തിൽ അടിയന്തിര പരിഹാരം കാണുന്നതിനായി 27-7-2004-ൽ ഒരു യോഗം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly